**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സിൽവർ ജൂബിലി പരീക്ഷഭവൻ നാല് അഞ്ച് നിലകളുടെ ഇന്റീരിയർ വർക്ക് - കരാറുകാരന്( M/s Macro Enterprises , Coimbatore ) ഫൈനൽ പേയ്മെന്റ് നൽകുന്നതിന് ഫിനാൻസ് വിഭാഗം ചൂണ്ടിക്കാണിച്ച അപാകതകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയമിതമായ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 1**

നമ്പർ. 919/P&D 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.02.2021

---

*പരാമർശം:*-1 . സർവകലാശാല ഉത്തരവ് നം 5284 / P &D 1 / 3 / 2012 തീയതി 26/ 08 / 2017

2 . 15 / 05 / 2020 തീയതിയായുള്ള സർവകലാശാല എൻജിനീയറുടെ കത്ത് നം ഇ യൂ / എ ബി / 129 / 46 /2020

3 . സർവകലാശാല ഉത്തരവ് നമ്പർ 346 പി &ഡി 1 / 2021 /എം ജി യു തീയതി 15 / 01 / 2021

4 . 27 / 01 / 2021 തീയതിയായി സമർപ്പിച്ച കമ്മീഷൻ റിപ്പോർട്ട് .

5 . 30 / 01 / 2021 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം ഒ എ 12/ 21 .01

**<u>ഉത്തരവ്</u>**

സിൽവർ ജൂബിലി പരീക്ഷ ഭവൻ നാല് ,അഞ്ചു നിലകളുടെ ഇന്റീരിയർ വർക്കിനായി 1,14,25,000 /- രൂപയുടെ എസ്റ്റിമേറ്റ് പരാമർശം(1 ) പ്രകാരം അംഗീകരിച്ചു ഉത്തരവാകുകയും , പ്രസ്തുത പ്രവർത്തി എൻജിനീയറിങ് യൂണിറ്റ് മുഖാന്തിരം Macro Enterprises , Coimbatore എന്ന സ്ഥാപനത്തിന് 93,75,743 /- രൂപക്ക് ചെയുവാൻ അനുവാദവും നൽകിയിരുന്നു. പരീക്ഷാഭവൻ അനെക്സിൽ പ്രവർത്തിക്കുന്ന വിവിധ ഇ .എൻ സെക്ഷനുകൾക്കു വർക്ക് സ്റ്റേഷൻ നിർമിക്കുന്നതിനായി മേൽ പ്രവർത്തിയുടെ അതെ നിരക്കിൽ നിലവിലെ കരാറുകാരനെ കൊണ്ട് ചെയ്യിക്കുന്നതിനും ഉത്തരവായിരുന്നു.

സിൽവർ ജൂബിലി പരീക്ഷഭവൻ നാല് അഞ്ച് നിലകളുടെ ഇന്റീരിയർ വർക്കിന്റെ ഫൈനൽ ബിൽ നൽകുന്നതിന് മുമ്പ് അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് റിപ്പോർട്ട് ചെയുവാൻ സർവ്വകലാശാലാ എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു . ഇതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലാ എഞ്ചിനീയർ നൽകിയ റിപ്പോർട്ടിൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരിക്കുന്ന ഐറ്റം നമ്പർ 5 ,6 ,10 -ൽ പറഞ്ഞിരിക്കുന്ന പ്രവർത്തികൾ ചെയ്തിട്ടില്ല എന്ന് അറിയിച്ചിരുന്നു.

Draft #14 of File 52340/P&D 1/1/2019/P&D 1 Approved by DEPUTY REGISTRAR (P & D) on 10-Feb-2021 09:03 AM - Page 1

പ്രസ്തുത പ്രവർത്തിയുടെ ഫൈനൽ പേയ്മെന്റ് കരാറുകാരന്( M/s Macro Enterprises , Coimbatore )നൽകുന്നതു സംബന്ധിച്ച ഫയൽ പരിശോധിച്ച ശേഷം ഫിനാൻസ് വിഭാഗം താഴെ സൂചിപ്പിക്കുന്ന അപാകതകൾ ചൂണ്ടിക്കാണിച്ചിരുന്നു.

"1. ഒരിക്കൽ സർവകലാശാല ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചാൽ, ആ പ്രവൃത്തി ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്യുന്ന സ്ഥാപനത്തിന് പ്രവൃത്തി കരാർ നൽകുന്നത് മുതൽ തുക അനുവദിക്കുന്നത് വരെയുള്ള നടപടിക്രമങ്ങളിൽ സർവകലാശാലയ്ക്ക് യാതൊരു നിയന്ത്രണവും നിലവിലുള്ളതായി കാണുന്നില്ല. സർവകലാശാലയിൽ നിലവിലുള്ള ചട്ടമനുസരിച്ച് Rs.5,00,000/- (അഞ്ച് ലക്ഷം രൂപ) വരെയുള്ള തുക അനുവദിക്കേണ്ടത് വൈസ് ചാൻസിലറും അതിന് മുകളിൽ വരുന്ന തുക അനുവദിക്കേണ്ടത് സർവകലാശാല സിൻഡിക്കേറ്റുമാണ്.
2. പ്രവൃത്തിയുടെ പുരോഗതി യാതൊരു ഘട്ടത്തിലും വിലയിരുത്തിയതായി കാണുന്നില്ല. ആയതിനാലാണ് എസ്റ്റിമേറ്റിൽ പരാമർശിച്ചിരുന്ന 3 ഇനം പ്രവൃത്തികൾ ചെയ്യാതെ തന്നെ ഭാഗിക പേയ്മെന്റ് നടത്തുക വഴി അധിക തുക നൽകാനിടയായത് എന്ന് മനസിലാക്കുന്നു
3. 31.01.2009 തീയതിയിൽ സർവകലാശാല ഇറക്കിയ ഉത്തരവ് (നം.463/AI/2009/Admn) ഇപ്രകാരം നിഷ്കർഷിക്കുന്നു , No part of the estimate be left out for completion before payment. If it becomes necessary, that part of the estimate be set aside and such setting aside shall be done only with administrative and financial sanction. ഈ വ്യവസ്ഥ മേൽപ്പറഞ്ഞ പ്രവൃത്തിക്ക് തുക അനുവദിച്ചപ്പോൾ പാലിക്കപ്പെട്ടിട്ടില്ല.

ഈ സാഹചര്യത്തിൽ SJPB-യുടെ നാലും അഞ്ചും നിലകളിലെ interior വർക്ക് ചെയ്യുതിന് M/s.Macro Enterprises Coimbatore എന്ന സ്ഥാപനത്തിന് എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട മുഴുവൻ പ്രവൃത്തിയും ചെയ്യാതിരുന്നിട്ടും Rs.9,13,421/- അധികമായി നൽകിയ സർവകലാശാല എൻജിനീയറുടെ നടപടി പരിശോധിക്കേണ്ടതാണ്. "

ഫിനാൻസ് വിഭാഗത്തിൻറെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബഹു വൈസ് ചാൻസിലറുടെ ഉത്തരവിൻ പ്രകാരം സർവകലാശാല എൻജിനീയറോട് ടി വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകയും , പരാമർശം (2 ) പ്രകാരം സർവകലാശാല എൻജിനീയർ സമർപ്പിച്ച വിശദീകരണം പരിശോധിച്ച ശേഷം ഫിനാൻസ് വിഭാഗം താഴെ പറയുന്ന അപാകതകൾ കൂടി രേഖപ്പെടുത്തിയിട്ടുണ്ട് .

"SJPB യുടെ നാലും അഞ്ചും നിലകളുടെ നിർമ്മിതിയിൽ ആസൂത്രണത്തിലെ പിഴവും ദീർഘവീക്ഷണമില്ലായ്മയും പ്രകടമാകുന്ന വിശദീകരണമാണ് അദ്ദേഹം നൽകിയിരിക്കുന്നത്. CPWD സീലിംഗ് പണികൾ പൂർത്തീകരിച്ചതിന് ശേഷമാണ് ഇന്റീരിയർ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് കാണുവാൻ സാധിക്കും. ആയതിനാലാണ് ഫാൾസ് സീലിംഗ് പണിയുവാൻ ഉദ്ദേശ്ശിച്ചിരുന്നുവെങ്കിലും സീലിംഗ് നിർമാണം പൂർത്തീകരിക്കുവാൻ CPWD യെ അനുവദിക്കുവാൻ ഇടയായത്.

പ്രസ്തുത ബിൽഡിങ്ങിലെ ഒന്ന് മുതൽ മൂന്ന് വരെ നിലകളിൽ നിർമ്മിച്ചിരിക്കുന്ന ഇടുങ്ങിയ ക്യൂബിക്കുകളെ കുറിച്ച് വ്യാപകമായ പരാതികൾ നിലവിലുള്ളപ്പോൾ അത്തരം ആക്ഷേപങ്ങൾ പരിഹരിക്കത്തക്ക വിധമുള്ള ക്യൂബിക്കിൾ ആയിരുന്നു വിഭാവനം ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി, പഴയമട്ടിലുള്ള ക്യൂബിക്കിൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രസ്തുത എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചതിന് ശേഷം CE , JR എന്നിവർ ക്യൂബിക്കിൾ സംബന്ധിച്ച

Draft #14 of File 52340/P&D 1/1/2019/P&D 1 Approved by DEPUTY REGISTRAR (P & D) on 10-Feb-2021 09:03 AM - Page 2

നിർദേശങ്ങൾ അറിയിച്ചതിന് ശേഷം മാത്രമാണ് അത്തരത്തിൽ നിർമ്മാണ പ്രവൃത്തികൾ പുനഃക്രമീകരിച്ചിരിക്കുന്നത്. ഈ ഘട്ടത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കുകയായിരുന്നു എൻജിനീയറിംഗ് വിഭാഗം ചെയ്യേണ്ടിയിരുന്നത്.

സർവകലാശാല സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുന്ന അവസ്ഥയിൽ ഇത്തരത്തിലുള്ള ഓരോ ഇനത്തിലും ദുർവ്യയം ഒഴിവാക്കുന്നതിന് സർവകലാശാലയിലെ ഓരോ വിഭാഗത്തിന് പൊതുവെയും എൻജിനീയറിംഗ് വിഭാഗത്തിന് പ്രത്യേകിച്ചും ബാധ്യതയുണ്ടായിരിക്കെ ടി വിഭാഗത്തിൽ നിന്നുണ്ടായിരിക്കുന്ന അലംഭാവം നീതീകരിക്കത്തക്കതല്ല."

ഫിനാൻസ് വിഭാഗം ചൂണ്ടിക്കാണിച്ച ടി അപാകതകൾ സംബന്ധിച്ച് പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുവാൻ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ എ ജോസ് , ഡോ . ബി . കേരള വർമ്മ , പ്രൊഫ പി ഹരികൃഷ്ണൻ എന്നിവരെ ചുമതലപ്പെടുത്തി പരാമർശം (3 ) പ്രകാരം സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . ഇതിൻ പ്രകാരം ടി കമ്മീഷൻ പരാമർശം (4 ) പ്രകാരം താഴെ പറയുന്നവിധം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് .

" **ഐറ്റം 5** എന്നത് ഫാൾസ് സീലിംഗ് ചെയ്യുക എന്നതാണ് .പ്രസ്തുത പ്രവർത്തി ചെയ്യാതിരുന്നത് യൂണിവേഴ്സിറ്റിക്ക് ഗുണകരമായി കാരണം fire fighting instruments , electrical wiring എന്നിവ മാറ്റി വീണ്ടും ചെയ്യുമ്പോൾ വളരെയധികം അധികസാമ്പത്തിക ബാധ്യത വരുമെന്നത് പരിഗണിച്ചു ഒഴിവാക്കിയത് നീതീകരിക്കാവുന്നതാണ്.

**ഐറ്റം 6** എന്നത് GYP board ready made cornice ആണ് . ജിപ്സം ബോർഡിൻറെ പ്രവർത്തി ചെയ്യാത്തതിനാൽ cornice ന്റെ പ്രവർത്തിയുടെ ആവശ്യമുണ്ടായില്ല .

**ഐറ്റം 10** എന്നത് cabin optimizer ആണ് . ആയതിന്റെ നീളം ,വീതി , ഉയരം എന്നിവ പരാമർശിക്കാതെയാണ് ടെൻഡർ വിളിച്ചത്. ആയതിനാൽ സർവകലാശാല എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ കുറഞ്ഞ തുകയാണ് ക്വാട്ട് ചെയ്തത് .ഇത് വളരെ ചെറിയ സൈസ് ഉദ്ദേശിച്ചായിരിക്കാം കോൺട്രാക്ടർ ക്വാട്ട് ചെയ്തത്. ആയതു യൂണിവേഴ്സിറ്റിക്ക് ഉപകാരപ്രദമല്ല . കൂടാതെ ഫയലുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനാൽ പ്രസ്തുത cabin optimizer ന്റെ ഉപയോഗം നാമമാത്രവുമാണ് . എന്നാൽ ടെൻഡറിൽ പറഞ്ഞതിൽ കൂടിയ അളവിലുള്ള ക്യാബിൻ ഉണ്ടാക്കിയതിനാൽ കൂടുതൽ മെറ്റീരിയലുകൾ ഉപയോഗിച്ചിട്ടുണ്ട് . ആയതു യൂണിവേഴ്സിറ്റി എൻജിനീയർ അളന്നു ബോധ്യപ്പെട്ടിട്ടുള്ളതുമാണ് . കൂടാതെ പരീക്ഷാ ഭവൻ അനക്സിൽ പഴയ റേറ്റിൽ തന്നെ പ്രവർത്തി ചെയ്യുകയും ചെയ്തിട്ടുണ്ട് . ചെയ്ത പ്രവർത്തികൾ മുഴുവൻ തൃപ്തികരവും ഉപയോഗിച്ച മെറ്റീരിയലുകൾ സംബന്ധിച്ച് പരാതിയുമില്ലാതിരിക്കെ കരാറുകാരനെ കുറ്റപ്പെടുത്തുന്നതിൽ യുക്തിയില്ല .ആയതിനാൽ കരാറുകാരന് നൽകാനുള്ള തുക ഉടനടി നൽകുവാൻ ശുപാർശ ചെയ്യുന്നു. "

ടി റിപ്പോർട്ട് പരിഗണിച്ച 30/01/2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (5 ) പ്രകാരം താഴെ പറയുന്ന വിധം തീരുമാനം കൈക്കൊണ്ടിട്ടുണ്ട് .

"15/1/2021 തീയതിയിൽ യു ഒ നം 346 / P&D 1/ 2021/MGU പ്രകാരം നിയമിതമായ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടും ശുപാർശകളും അംഗീകരിക്കുന്നതിന് തീരുമാനിച്ചു ."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)

Draft #14 of File 52340/P&D 1/1/2019/P&D 1 Approved by DEPUTY REGISTRAR (P & D) on 10-Feb-2021 09:03 AM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 സർവകലാശാല എൻജിനീയർ

2 . വി സി ,പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3 . രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ

4 .ഫിനാൻസ് I /ഓഡിറ്റ് 1 / അക്കൗണ്ട്സ് v / പി ആർ ഒ / എൻജിനീയറിങ് യൂണിറ്റ് / എ സി സി സെക്ഷൻ / ബജറ്റ് സെക്ഷൻ

5 . ജനറൽ ക്യാഷ് / എ ഡി ഡി / സി എം സ് / റെക്കോർഡ്സ്

6 . ജോ . ഡയറക്ടർ ,കെ എസ് എ ഡി മഹാത്മാ ഗാന്ധി സർവകലാശാല കാര്യാലയം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #14 of File 52340/P&D 1/1/2019/P&D 1 Approved by DEPUTY REGISTRAR (P & D) on 10-Feb-2021 09:03 AM - Page 4